# ഹിജ്റയുടെ രാഷ്ട്രീയ പ്രാധാന്യം

ഡോ. സകരിയ്യ ബശീർ

**ഇസ്‌ലാമിന്റെ** ആദ്യകാല നാഗരികതയുടെ മുന്നോടിയായിരുന്നു ഹിജ്റ എന്ന് ഏവരും സമ്മതിക്കുന്നു. പക്ഷേ, ഇസ്‌ലാമിക സമൂഹത്തിന്റെ സംസ്ഥാപനത്തിൽ ഹിജ്റക്കുള്ള ആദർശപരവും രാഷ്ട്രീയവുമായ പ്രാധാന്യം അപൂർവമായേ മനസ്സിലാക്കപ്പെടുന്നുള്ളൂ. ഹിജ്റ സംബന്ധിച്ച് നിലവിലുള്ള ചില വ്യാഖ്യാനങ്ങളുടെ പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും ആദ്യകാല മുസ്‌ലിം സമൂഹത്തിന്റെയും തുടർന്നുവന്ന മുസ്‌ലിം ചരിത്രത്തിന്റെയും നിർമിതിയിൽ നിർണായക പങ്ക് വഹിച്ച ഈ സംഭവത്തോട് നീതിപുലർത്താൻ പോന്ന താരതമ്യേന തൃപ്തികരമായ ഒരു വ്യാഖ്യാനം പ്രതിക്ഷാപൂർവംസമർപ്പിക്കുകയുമാണിവിടെ.

### ഹിജ്റ എന്തല്ല

രണ്ട് ആനുകാലിക വ്യാഖ്യാനങ്ങൾ നമുക്ക് പരിശോധിച്ചു നോക്കാം. രണ്ടും നമ്മുടെ വീക്ഷണത്തിൽ, ഇസ്‌ലാമിന്റെ ആരൂപണഘട്ടത്തിലെ ചരിത്രത്തിൽ ഹിജ്റക്ക് യഥാസ്ഥാനം നൽകുന്നതിൽ പരാജയപ്പെട്ടവയാണ്. 'പലായനസിദ്ധാന്ത'മാണ് ആദ്യത്തേത്; രണ്ടാമത്തേത് 'മധ്യസ്ഥതാസിദ്ധാന്ത'വും. രണ്ടും മുസ്‌ലിംശ്രോതാക്കൾക്ക് അജ്ഞാതമാണ്. പാശ്ചാത്യ ഓറിയന്റലിസ്റ്റ് ചിന്തകരാണ് രണ്ടിന്റെയും ഉപജ്ഞാതാക്കൾ. മുസ്‌ലിം ചിന്തക്ക് പരിചയപ്പെടുത്തിയതും അവരാണ്.

പലായനസിദ്ധാന്തമനുസരിച്ച്, മക്കയിലെ കഠിനപരീക്ഷണങ്ങളിൽനിന്നുള്ള ഒരു പലായനമാണ് ഹിജ്റ– മക്കക്കാരായ വിഗ്രഹാരാധകരുടെ മർദനപീഡനങ്ങളിൽനിന്നുള്ള ഒളിച്ചോട്ടം! പ്രവാചകന്റെ മക്കയിൽനിന്ന് മദീനയിലേക്കുള്ള ഹിജ്റയെ പരാമർശിക്കാൻ ആദ്യകാല പാശ്ചാത്യ എഴുത്തുകാർ ഏതാണ്ടെല്ലാവരും ആസൂത്രിതമായി ഉപയോഗിച്ചുവന്ന പദം 'പലായനം' എന്നാണ്. ഹിജ്റ എന്ന അറബി പദത്തിന് അസന്ദിഗ്ധവും സുവ്യക്തവുമായ ഒരർഥം ഉണ്ടെന്നിരിക്കെ (കുടിയേറ്റം –Emigration– എന്നാണ് അതിന്റെ അർഥം) ഓറിയന്റലിസ്റ്റുകൾ അതിന് പകരം പലായനം എന്ന അർഥം തന്നെ ഉപയോഗിക്കാൻ ഔത്സുക്യം കാണിച്ചത് ആരെയും അമ്പരപ്പിക്കും. ഹിജ്റയുടെ ശരിയായ അർഥം വ്യക്തമാക്കാൻ ശ്രമിക്കുന്ന ഒരു സത്യാന്വേഷിയെ പലായനം എന്ന പദത്തിന്റെ ദുസ്സൂചന, ഭയപ്പെടുത്തുകയും അതുപോഗിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുകയും ചെയ്യും. നവജാത ഇസ്‌ലാമും വിഗ്രഹാരാധകരായ അതിന്റെ ശത്രുക്കളും തമ്മിൽ മക്കയിൽ നടന്നുവന്ന സമരത്തിൽനിന്നുള്ള പിൻവാങ്ങലായിരുന്നു ഹിജ്റ എന്ന വ്യാഖ്യാനം, ലജ്ജാവഹമായ ഒരു ദുർവ്യാഖ്യാനമാണെന്ന് ചുരുക്കം.

പലായനസിദ്ധാന്തത്തെ അപേക്ഷിച്ച് കുറേക്കൂടി യുക്തിസഹമാണ് മധ്യസ്ഥതാസിദ്ധാന്തം. ഇതനുസരിച്ച്, സംഘർഷവും അരാജകത്വവും കൊണ്ട് ശ്രദ്ധേയമായിത്തീർന്ന ഒരു കാലഘട്ടത്തിലൂടെ കടന്നുപോവുകയായിരുന്നു മദീന (യസ്‌രിബ്). മദീനിയുടെ ആധിപത്യം സ്വന്തമാക്കാൻ വേണ്ടി ഔസും ഖസ്‌റജും ഒരു തുറന്ന യുദ്ധത്തിന്റെ വക്കിലെത്തിനിന്ന കാലം. ഇരു വിഭാഗങ്ങൾക്കുമിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതിൽ തദ്ദേശവാസികളായ ജൂതന്മാർ പരാജയപ്പെട്ടു. സംഘർഷം ശാശ്വതമായി നിലനിർത്തുന്നതിൽ ജൂതന്മാർ തങ്ങളുടേതായ പങ്ക് നിർവഹിച്ചിരുന്നു എന്ന് കരുതുന്നതും തെറ്റാവില്ല. കാരണം അതവർക്ക് മധ്യസ്ഥന്മാരുടെയും ന്യായാധിപന്മാരുടെയും മഹനീയ പദവി നിലനിർത്തിക്കൊണ്ടുപോകുന്നതിന് അവസരം നൽകുമായിരുന്നു. ഈ സ്ഥിതിവിശേഷത്തിൽ യസ്‌രിബുകാർ, പ്രവാചകനെ മദീനയിലേക്ക് ക്ഷണിച്ചു. കാരണം അവർ നിരന്തരം യുദ്ധം ചെയ്തു തളർന്നിരുന്നു. ഔസും ഖസ്‌റജും തമ്മിൽ ദീർഘകാലമായി നിലനിൽക്കുന്ന തർക്കപ്രശ്നങ്ങളിൽ പ്രവാചകൻ മധ്യസ്ഥനാവുക എന്നതായിരുന്നു അവരുടെ ആഗ്രഹം. പ്രവാചകന് അവർ സമ്മാനിക്കുന്ന പദവിയുടെ അർഥവ്യാപ്തി അംഗീകരിക്കാൻ അവർ സന്നദ്ധരുമായിരുന്നു. യസ്‌രിബ് നഗരത്തിനുമേൽ പ്രവാചകന് ആധിപത്യം കൈവ

രിക എന്നതായിരുന്നു അതിന്റെ സുപ്രധാന അർഥങ്ങളിലൊന്ന്.

സ്വന്തം നിലയിൽ യുക്തിസഹവും ബുദ്ധിപൂർവവും ആണെങ്കിലും ഈ സിദ്ധാന്തം ഹിജ്റയുടെ സമ്പൂർണമായ അർഥത്തോട് നീതിപുലർത്തുന്നില്ല എന്നാണ് നമ്മുടെ അഭിപ്രായം. ഇബ്നുഹിശാമിന്റെ നബിചരിതത്തിൽ രണ്ടാം അഖബാ ഉടമ്പടിയെക്കുറിച്ച് വന്നിട്ടുള്ള വിവരണം മധ്യസ്ഥതാസിദ്ധാന്തത്തിന്റെ അടിവേരറുക്കാൻ പോന്നതാണ്. യസ്രിബുകാർ യുദ്ധം ചെയ്ത് തളർന്നിരിക്കുകയായിരുന്നുവെന്നും അവർ ഒരു മധ്യസ്ഥന്റെ അടിയന്തരാവശ്യം നേരിടുകയായിരുന്നു എന്നും ഉള്ള സിദ്ധാന്തത്തെ അത് തീർത്തും നിരാകരിക്കുന്നു. പ്രവാചകചരിത്രകാരന്മാരെല്ലാം രണ്ടാം അഖബാ ഉടമ്പടിക്ക് നൽകിയ പേരുതന്നെ 'സമരപ്രതിജ്ഞ' എന്നാണ്. ഒന്നാം അഖബാ ഉടമ്പടിയിൽനിന്ന് ഭിന്നമായി രണ്ടാം അഖബാ ഉടമ്പടി, പ്രവാചകനും കൂട്ടുകാരും മദീനയിലെത്തിയാൽ, അവരുടെ സുരക്ഷക്ക് വേണ്ടി ആവശ്യമായി വരുന്ന പക്ഷം സമരം ചെയ്യുമെന്നുള്ള ഒരു പ്രതിജ്ഞ ഉൾക്കൊണ്ടിരുന്നു, എന്നതാണിതിന് കാരണം. ഒന്നാം അഖബ ഉടമ്പടി അറിയപ്പെടുന്നതാകട്ടെ, 'വനിതകളുടെ പ്രതിജ്ഞ' എന്ന പേരിലാണ്. കാരണം അതിൽ ഇസ്‌ലാമിന്റെ സദാചാര-ധാർമിക തത്ത്വങ്ങളും മുറകളും പാലിക്കുമെന്ന പ്രതിജ്ഞയാണ് നടന്നത്— ഇസ്‌ലാം സ്വീകരിച്ചുകഴിഞ്ഞാൽ സ്ത്രീകൾ പാലിക്കേണ്ട മുറകളും നിർവഹിക്കേണ്ട ബാധ്യതകളും. ഒന്നാം അഖബാ ഉടമ്പടിയിൽ സമരത്തെക്കുറിച്ച പരാമർശമേ ഉണ്ടായിരുന്നില്ല.

ഒരു മധ്യസ്ഥനെ എന്നതിലുപരി യസ്രിബുകാർ അന്വേഷിച്ചുകൊണ്ടിരുന്നത് യസ്രിബിലെ വേദക്കാരുടെ പുണ്യഗ്രന്ഥത്തിൽ പ്രവചിക്കപ്പെട്ട ദിവ്യസന്ദേശവാഹകനായ ഒരു പ്രവാചകനെആയിരുന്നു. വിശേഷിച്ചും യസ്രിബിലെ ജൂതന്മാർ ആ പ്രവാചകന്റെ ആഗമനം ആകാംക്ഷയോടെ ഉറ്റുനോക്കുകായിരുന്നു. മാത്രമല്ല, രണ്ടാം അഖബ ഉടമ്പടിയിലെ വ്യവസ്ഥകൾ, അവ അംഗീകരിച്ച ഔസ്-ഖസ്റജ് ഗോത്ര നേതാക്കളുടെ മനോഭാവം സംബന്ധിച്ച് ഒരു സംശയത്തിനും ഇട നൽകുന്നുമില്ല. ഇബ്നു ഇസ്ഹാഖിനെ ഉദ്ധരിച്ച് ഇബ്നു ഹിശാം നൽകുന്ന വിവരണം ശ്രദ്ധിക്കുക:

> അല്ലാഹു തന്റെ ദൂതന് യുദ്ധാനുമതി നൽകിയ ശേഷമായിരുന്നു 'സമരപ്രതിജ്ഞ' നടന്നത്. ഒന്നാം അഖബ ഉടമ്പടിയിൽ പ്രവാചകൻ (സ) ചെയ്തിട്ടില്ലാത്ത ചില വ്യവസ്ഥകൾ അത് ഉൾക്കൊണ്ടിരുന്നു. ഒന്നാം ഉടമ്പടി സ്ത്രീകളുടെ പ്രതിജ്ഞയുടെ രൂപത്തിലായിരുന്നു. കാരണം അന്ന് പ്രവാചകന് യുദ്ധത്തിനുള്ള അനുമതി നൽകപ്പെട്ടിരുന്നില്ല. അല്ലാഹു യുദ്ധാനുമതി നൽകിയപ്പോൾ പ്രവാചകൻ (സ) തന്നെ പീഡിപ്പിക്കുന്നവർക്കെതിരെ (ചുവന്നവരോ കറുത്തവരോ ആയ ജനതക്കെതിരെ എന്ന് ഭാഷാർഥം) സമരം ചെയ്യുമെന്നുള്ള പ്രതിജ്ഞ വാങ്ങി. തന്റെ ആത്മരക്ഷക്കുള്ള വ്യവസ്ഥകൾ നിശ്ചയിച്ചു. സ്വന്തം നാഥനോട് പ്രതിബദ്ധതയുള്ളവരായിരിക്കുമെന്ന പ്രതിജ്ഞയും എടുപ്പിച്ചു. പ്രതിജ്ഞ പാലിക്കുന്നവർക്ക് അദ്ദേഹം സ്വർഗം വാഗ്ദാനം ചെയ്തു.

ഇബ്നു ഇസ്ഹാഖ് പറയുന്നു:

> രണ്ടാം അഖബ ഉടമ്പടിയിൽ സന്നിഹിതനായിരുന്ന ഉബാദത്തുബ്നു സ്വാമിത്തിനെ ഉദ്ധരിച്ച് പുത്രൻ വലീദ് പറഞ്ഞത് കേട്ട വലീദിന്റെ പുത്രൻ ഉബാദ എന്നോടു പറയുകയുണ്ടായി: ഉബാദത്തുബ്നു സ്വാമിത്ത് പറഞ്ഞു: "പ്രവാചകൻ(സ) ഞങ്ങളിൽനിന്ന് സമരപ്രതിജ്ഞയെടുത്തു." സൗഖ്യകാലത്തും ക്ലേശകാലത്തും തങ്ങൾ പ്രവാചകനെ അനുസരിക്കുമെന്നും (ഞാൻ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, സ്വന്തം ശരീരത്തിനെതിരാണെങ്കിൽ പോലും ഞങ്ങൾ ഉത്തരവാദിത്വം നിറവേറ്റുമെന്നും) ഞങ്ങളുടെ ചുമതലയേൽപ്പിക്കപ്പെടുന്ന വ്യക്തിയെ ഞങ്ങൾ ധിക്കരിക്കുകയില്ലെന്നും എവിടെയായാലും സത്യം പറയുമെന്നും ദൈവാനുസരണത്തിന്റെ കാര്യത്തിൽ ആരുടെയും ഭീഷണിയെ വകവെക്കുകയില്ലെന്നും പ്രതിജ്ഞയെടുത്ത ഒന്നാം അഖബ ഉടമ്പടിയിൽ സന്നിഹിതരായ പന്ത്രണ്ട് പേരിൽ ഒരാളായിരുന്നു ഉബാദത്തുബ്നു സ്വാമിത്ത്.

യസ്രിബിലെ ഔസ്-ഖസ്റജ് ഗോത്രങ്ങൾ പ്രവാചകന്റെയും മക്കയിലെ പീഡിത മുസ്‌ലിംകളുടെയും രക്ഷക്കുവേണ്ടി പൊരുതാൻ പ്രതിജ്ഞാബദ്ധരായിരുന്നുവെന്ന് വ്യക്തമാക്കുന്ന മറ്റൊരു തെളിവാണ് അവരുടെ ഒരു പ്രമുഖ നേതാവായ അബ്ബാസുബ്നു ഉബാദത്തുബ്നു നദ്‌ലത്തുൽ അൻസ്വാരിയുടെ പ്രഖ്യാപനം. രണ്ടാം അഖബ ഉടമ്പടിയുടെ വിളംബരം കുറിക്കുന്ന ചടങ്ങെന്ന നിലയിൽ പ്രതിനിധിസംഘത്തിലെ എൺപത്തിമൂന്ന് സ്ത്രീ പുരുഷന്മാർ ഹസ്തദാനത്തിനൊരുങ്ങവെ, 'ചുവന്നവരോ കറുത്തവരോ ആയ ആരുമാകട്ടെ, പ്രവാചകനെ എതിർക്കുന്ന പക്ഷം അവരോട് സമരം ചെയ്യാനുള്ള പ്രതിജ്ഞയാണ് ഇപ്പോൾ ചെയ്യുന്നതെന്നും സ്വന്തം ജീവനും ധനവും ഭീഷണി നേരിടുന്ന ഒരു ഘട്ടത്തിൽ ഈ പ്രതിജ്ഞ പാലിക്കാൻ കഴിയാതെ പോകുമോ എന്ന് വല്ലവരും സംശയിക്കുന്നുവെങ്കിൽ അവരീ പ്രതിജ്ഞ എടുക്കാതിരിക്കുന്നതായിരിക്കും ബുദ്ധി' എന്നും അബ്ബാസ് പ്രഖ്യാപിച്ചു. എന്നാൽ പ്രതിജ്ഞയെടുക്കാനും എന്തു വില കൊടുത്തും അത് പാലിക്കാനും ഉറച്ച തീരുമാനമെടുത്തവരായിരുന്നു അവർ. പ്രവാചകനെ രക്ഷിക്കുമെന്ന പ്രതിജ്ഞ ആവർത്തിച്ചുറപ്പിക്കുവാനെന്നോണം അവർ മറ്റൊന്നു കൂടി ചെയ്തു: ഹസ്തദാനച്ചടങ്ങ് പൂർത്തിയായ നിമിഷം, ഖുറൈശികൾക്കെതിരെ സൈനിക നടപടിയെടുക്കാൻ തിരുമേനിയോടവർ അനുമതി ചോദിച്ചു. പക്ഷേ, യുദ്ധം ചെയ്യാൻ തനിക്കിപ്പോഴും അനുമതി ലഭിച്ചിട്ടില്ലെന്ന് പറഞ്ഞ് അദ്ദേഹം അവരെ ശാന്തരാക്കി.

ഈ സംഭവങ്ങളെല്ലാം ഒരു പ്രമുഖ ഓറിയന്റലിസ്റ്റ് ആവിഷ്കരിച്ച മധ്യസ്ഥതാസിദ്ധാന്തത്തെ പൂർണമായും നിരാകരിക്കുകയാണ്. ഹിജ്റ ഒരു പലായനമോ ഒരു പിൻവാങ്ങലോ ആയിരുന്നില്ല. മറിച്ച് ഹിജ്റയും അതിന് വഴിയൊരുക്കിയ അഖബ ഉടമ്പടിയും ജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും

പ്രഥമ മുസ്‌ലിം നാഗരികത കെട്ടിപ്പടുക്കുകയും ചെയ്യുന്ന പ്രക്രിയയുടെ ക്രിയാത്മകവും ഫലപ്രദവുമായ തുടക്കത്തിന്റെ ശക്തമായ മുന്നോടിയായിരുന്നു. അജ്ഞരും ചിന്താശൂന്യരുമായ മക്കയിലെ വിഗ്രഹാരാധകർ ഏൽപിക്കുന്ന നിന്ദയെ സഹനത്തോടും ധൈര്യത്തോടും കൂടി നേരിടാനും തങ്ങളുടെ മർദകർക്ക് തിരിച്ചടി നൽകാതിരിക്കാനും ഉള്ള പ്രവാചക നിർദേശം പതിമൂന്നു വർഷമായി കേട്ടുപോന്ന മക്കാ മുസ്‌ലിംകളുടെ ജീവിതത്തിലെ ഒരു സുപ്രധാനമായ വഴിത്തിരിവായിരുന്നു അത്. ഹിജ്റ മുതൽ ആത്മരക്ഷാർഥം ആയുധമെടുക്കാനുള്ള അവകാശം മുസ്‌ലിംകൾക്ക് നൽകപ്പെട്ടു. സ്വന്തം മോചനത്തിനും, തങ്ങൾക്ക് ശാരീരികവും മാനസികവുമായ പീഡനമേൽപിച്ച അക്രമപരമായ നടപടികൾ മൂലം അന്യാധീനപ്പെട്ട സ്വന്തം നാടിന്റെ മോചനത്തിനും വേണ്ടി സമരം ചെയ്യാനുമർവക്ക് അനുമതി ലഭിച്ചു. നിസ്സംഗതയിൽനിന്നും ക്രിയാത്മകതയിലേക്കുള്ള ഈ മാറ്റം സാധിച്ചത് പ്രവാചകനും അദ്ദേഹത്തിന്റെ പീഡിതരായ അനുചരന്മാർക്കും വേണ്ടി പോരാടാനുള്ള യസ്‌രിബുകാരുടെ, ഔസ്-ഖസ്‌റജ് ഗോത്രനേതാക്കന്മാരുടെ സുദൃഢമായ തീരുമാനം മൂലമായിരുന്നു. അപ്പോൾ തങ്ങൾക്കിടയിലുള്ള സംഘർഷം അവസാനിപ്പിക്കാൻ ഒരു മധ്യസ്ഥൻ ആവശ്യമായി വന്ന ഘട്ടത്തിലാണ് യസ്‌രിബുകാർ പ്രവാചകനെ മദീനയിലേക്ക് ക്ഷണിച്ചത് എന്ന നിഗമനം തീർത്തും അസ്വീകാര്യമാണ്.

## ഹിജ്റയുടെ രചനാത്മക വശം

മക്കാ കാലഘട്ടത്തിൽ, ആത്മരക്ഷക്കുപോലും ആയുധമെടുക്കുന്നതിൽ മുസ്‌ലിംകളുടെ മേൽ പ്രവാചകൻ(സ) വിലക്ക് ഏർപ്പെടുത്തിയതിലെ യുക്തി അന്വേഷിക്കുന്നത് പ്രയോജനപ്രദമാണ്. മുസ്‌ലിംകളുടെ സ്വഭാവവിശുദ്ധിയും സഹനശേഷിയും ക്ഷമാശക്തിയും കഠിനമായ പരീക്ഷണത്തിന് വിധേയമാക്കുക എന്നത് അതിന്റെ പരമപ്രധാനമായ ലക്ഷ്യമായിരുന്നിരിക്കണം. വിജയകരമായ ഒരു യുദ്ധം നയിക്കാൻ മാത്രം ആൾബലമോ ആയുധബലമോ ഇല്ലാതെ യുദ്ധത്തിലേക്ക് എടുത്തുചാടുന്നത് ബുദ്ധിയല്ലതാനും. സൈനികശക്തിയുടെ പിൻബലമില്ലാതെ സഹജമായ ആത്മീയ-ധാർമിക ഗുണങ്ങളിന്മേൽ സമാധാനപരമായ മാർഗങ്ങളിലൂടെ ഭൂമുഖത്ത് ഇസ്‌ലാം സംസ്ഥാപിക്കപ്പെടുന്നതിനുള്ള ഒരവസരം അതിന് ലഭിക്കേണ്ടതും ഒരാവശ്യമായിരുന്നു. ഇങ്ങനെ ഏറെ പീഡിതരായ സ്വന്തം അനുയായികളുടെ മേൽ യുദ്ധം നിരോധിക്കാൻ പ്രവാചകനെ പ്രേരിപ്പിച്ച കാരണങ്ങൾ എന്തുതന്നെ ആയിരുന്നാലും, ഈ സ്ഥിതിവിശേഷത്തിന് യസ്‌രിബ് നിവാസികൾ ബഹുഭൂരിപക്ഷവും സ്വമേധയാ നൽകിയ പിന്തുണ സ്വീകരിച്ച് മുസ്‌ലിംകൾ അവിടെ രാഷ്ട്രീയവും സൈനികവുമായ സാന്നിധ്യം ഉറപ്പിച്ചതോടെ നാടകീയമായ മാറ്റം സംഭവിച്ചു.

മുസ്‌ലിം ആധിപത്യം ഉറപ്പിക്കാൻ പറ്റിയ ഒരസ്തിവാരം യസ്‌രിബിൽ ലഭിച്ച ശേഷം മാത്രമേ ഇസ്‌ലാമിക നാഗരികതക്ക് വേരുപിടിക്കാനും തഴച്ചു വളരാനും സാധിച്ചുള്ളൂ. ഹിജ്റയുടെ ഗുണപാഠങ്ങൾ ഉൾക്കൊള്ളാനും അതിന്റെ രചനാത്മക വശങ്ങളിൽ മാർഗദർശനം കണ്ടെത്താനും നമുക്ക് കഴിയണമെങ്കിൽ പ്രഥമ മുസ്‌ലിം സമൂഹം, പ്രഥമ മുസ്‌ലിം നാഗരികത, മദീനയിൽ രൂഢമൂലമാകുന്നതിന് സഹായിച്ച സാഹചര്യങ്ങളും പ്രേരണകളും സംബന്ധിച്ച് വസ്തുനിഷ്ഠവും സമഗ്രവും ആയ ഒരു പരിചിന്തനം കൂടിയേ തീരൂ.

## ഭൂപ്രദേശം

ഇസ്‌ലാം ഒരാശയസംഹിതയോ ആചാരസംഹിതയോ മാത്രമല്ല, രാഷ്ട്രീയ-നിയമസംഹിതകളുടെ പ്രായോഗിക വ്യവസ്ഥകൂടിയാണ്. തന്മൂലം തനതായ ഒരു മാതൃകാ സമൂഹവും രാഷ്ട്രവും നാഗരികതയും സാക്ഷാത്കരിക്കാൻ അതാഗ്രഹിക്കുന്നു. ഒരു ഭൂപ്രദേശത്തിന്റെ അസ്തിവാരമില്ലാതെ സമൂഹമോ രാഷ്ട്രമോ നാഗരികതയോ സംസ്ഥാപിക്കുക അസാധ്യമത്രെ. സുരക്ഷിതവും പ്രതിരോധം ഏർപ്പെടുത്താവുന്നതും ആയ ഒരു ഭൂപ്രദേശത്തിന്റെ അഭാവം തുടരുന്ന കാലത്തോളം മനുഷ്യാവകാശങ്ങൾ സംസ്ഥാപിക്കാനോ സംരക്ഷിക്കാനോ അവർക്ക് സാധ്യമാകയില്ല. അമുസ്‌ലിം ആധിപത്യം പുലരുന്ന ഒരു രാഷ്ട്രത്തിൽ ജീവിച്ചുകൊണ്ട് സ്വന്തം ആദർശസംഹിതയുടെ സംസ്ഥാപനം അഭിലഷിക്കുവാനോ അന്തസ്സോടും അഭിമാനത്തോടും കൂടി ജീവിതം നയിക്കാൻ പോലുമോ അവർക്ക് കഴിയുകയില്ല. അതിനാൽ, സ്വയംപര്യാപ്തവും പ്രതിരോധം ഏർപ്പെടുത്താവുന്നതും ആയ ഒരു പ്രദേശം കൈവന്നത് മുസ്‌ലിം നാഗരികതയുടെ സംസ്ഥാപനത്തിൽ പ്രഥമ പ്രചോദനമായി പരിണമിച്ചു.

മക്കാ സമൂഹത്തിന്റെ ഘടനയിൽനിന്നുകൊണ്ട് നിഷ്ഫലമായ ഒരു സായുധസമരം നയിച്ച് മുസ്‌ലിംകളുടെ കരുത്ത് തളർത്തുകയും ജീവൻ ബലികൊടുക്കുകയും ചെയ്യാനുള്ള ഏതു ശ്രമവും പ്രയോജനരഹിതമാണെന്ന് ദിവ്യബോധനത്തിലൂടെ പ്രവാചകന് ബോധ്യപ്പെട്ടിരിക്കണം. മക്കയിലെ വിഗ്രഹാരാധകരുമായി തുറന്ന ഒരു യുദ്ധത്തിൽ ഏർപ്പെടാൻ മുസ്‌ലിംകൾ തുനിഞ്ഞിരുന്നുവെങ്കിൽ അവരും ഒപ്പം അവരുടെ മതവും നശിച്ചുപോയേനെ. സമാധാനകാംക്ഷികളും നിരായുധരും ആയ ഒരു കൊച്ചു സമൂഹം പൈശാചികവും ദുഷിച്ചതുമായ ഒരു അപ്രതിരോധ്യ ശക്തിയുമായി മുഖാമുഖം നിൽക്കുമ്പോൾ പ്രതിരോധത്തിലൂന്നിയ ഒരു നയമാണ് നിലനിൽപിന് എപ്പോഴും ഉത്തമം.

## ആദർശപ്രചോദനം

ഇസ്‌ലാമിക തത്ത്വങ്ങളിലും പ്രമാണങ്ങളിലും പടുത്തതും മുസ്‌ലിം സമുദായത്തിന്റെ മതനിഷ്ഠമായ സാഹോദര്യത്തിൽ വേരുറച്ചതും ആണ് മുസ്‌ലിം നാഗരികത. ഇക്കാരണത്താൽ മുസ്‌ലിം സമൂഹം ഒരു ആദർശാധിഷ്ഠിത സമൂഹമാണ്. അതിനൽ അംഗമാവുക എന്നതിനർഥം അതിന്റെ പൊതു മനോഭാവത്തോടും വിശ്വാസങ്ങളോടും ആചാരരീതികളോടും പ്രതിബദ്ധത പുലർത്തുക എന്നാണ്. നവ

ജാത ഇസ്‌ലാം അറേബ്യൻ സമൂഹത്തിൽ കൈവരുത്തിയ മൗലിക പരിവർത്തനത്തിന്റെ സത്തയിരിക്കുന്നത് ജാഹിലിയ്യാ ഗോത്രപക്ഷപാതിത്വത്തിലധിഷ്ഠിതമായ സമൂഹത്തിന്റെ സ്ഥാനത്ത് ആദർശനിഷ്ഠമായ ഒരു സമൂഹത്തെ പകരം വെച്ചു എന്നതിലാണ്. അതിലംഗമാകാൻ ആഗ്രഹിക്കുന്ന ആരെയും ഉൾക്കൊള്ളാൻ കഴിയുംവിധം തുറന്ന ഒരു സമൂഹമായിരുന്നു അത്. അതിലംഗമാവുക എന്നതിനർഥം അതിന്റെ നിയമവ്യവസ്ഥകൾ പാലിക്കാനുള്ള മനസ്സും പ്രതിബദ്ധതയും ഉണ്ടാവുക എന്നത് മാത്രവും. ഈ വിഷയത്തിൽ ഇസ്‌ലാം തുറന്നു പിടിച്ച മാനുഷികവും സാമൂഹിക സമത്വപരവുമായ വിശാല ചക്രവാളങ്ങൾ അതുല്യവും അനുപമവുമത്രെ. മനുഷ്യസമൂഹത്തെ തുണ്ടുതുണ്ടായി ശിഥിലീകരിച്ച് നിർത്തുന്ന ആനുകാലിക ലോകത്തെക്കുറിച്ച് ഒരു നിമിഷം ചിന്തിക്കുമ്പോൾ, ഇസ്‌ലാമിന്റെ വിമോചനപരവും പുരോഗമനപരവുമായ മൂല്യങ്ങൾ സംബന്ധിച്ച് കൃതജ്ഞതയും സംതൃപ്തിയും നിറഞ്ഞ ഒരനുഭൂതി മുസ്‌ലിംകളെന്ന നിലയിൽ നമുക്കുണ്ടാവുന്നുവെങ്കിൽ അത് തികച്ചും ന്യായയുക്തമാണ്.

സങ്കുചിതമായ ദേശീയതയിലും തെറ്റായ ദേശസ്നേഹവികാരങ്ങളിലുമാണ് ചില മനുഷ്യസമൂഹങ്ങൾ ഇന്ന് നിലനിൽക്കുന്നത്. നിർലജ്ജമായ വംശീയവികാരങ്ങളാണ് മറ്റു ചിലതിന്നാധാരം. തത്ത്വങ്ങളിലും പ്രമാണങ്ങളിലും തീർത്തും മനുഷ്യത്വരഹിതവും നിഷേധാത്മകവും ആയ ശക്തമായ സാംസ്കാരികപക്ഷപാതമാണ് വേറെ ചിലതിന്റെ അസ്തിവാരം. മനുഷ്യനിൽ സഹജമായ സ്വഭാവവൈശിഷ്ട്യങ്ങളെ നിഷേധിക്കുകയും തുരങ്കംവെക്കുകയും ജീവിതത്തിന്റെ ദിവ്യമോ ആത്മീയമോ ആയ ഗുണവിശേഷങ്ങളെ നിരാകരിക്കുകയും ചെയ്യുന്ന പ്രമാണങ്ങളിലാണ് കമ്യൂണിസ്റ്റ് സമൂഹം അധിഷ്ഠിതമായിരിക്കുന്നത്. സ്വാർഥപരമായ ഭൗതികതാൽപര്യങ്ങൾ മാത്രം ലക്ഷ്യം വെക്കുന്ന ക്യാപിറ്റലിസ്റ്റ് സമൂഹങ്ങൾ ഘോഷിക്കുന്ന മോചനമുദ്രാവാക്യങ്ങളാകട്ടെ പൊള്ളയും മിഥ്യയുമാണ്.

യസ്‌രിബിലെ ഇസ്‌ലാമിക നാഗരികത ആദർശപരമായ പ്രതിബദ്ധതയിൽ മാത്രം അധിഷ്ഠിതമായതായിരുന്നു– വ്യാപ്തിയിലും പ്രവർത്തനമേഖലയിലും മനുഷ്യസമൂഹത്തോളം വിശാലവും വിസ്തൃതവുമായ ഒരു പ്രതിബദ്ധത. ആദർശസമൂഹത്തിന് ഒരു ഭൂപ്രദേശമില്ലാതെ നിലനിൽക്കാൻ കഴിയില്ല. മദീനയിൽ മുസ്‌ലിംകൾക്കു കൈവന്നതുപോലുള്ള പരമവും എതിരില്ലാത്തതുമായ അധികാരത്തിന്റെ അഭാവത്തിലും ആദർശസമൂഹത്തിന്റെ നിലനിൽപ് അസാധ്യമായിരുന്നു.

## രാഷ്ട്രീയാധികാരം

തന്മൂലം രാഷ്ട്രീയാധികാരവും നിയന്ത്രണവും മൂന്നാമത്തെ പ്രചോദനമായി വർത്തിച്ചു. മറ്റേത് മതത്തിൽനിന്നും വ്യത്യസ്തമായി ഇസ്‌ലാം ഭരണാധികാരത്തിന്റെ കാര്യത്തിൽ സുവ്യക്തവും അസന്ദിഗ്ധവുമായ കാഴ്ചപ്പാടുള്ള മതമത്രെ. അതിന് ഒരു രാഷ്ട്രീയ സിദ്ധാന്തവും സ്വന്തമായ നിയമവ്യവസ്ഥയുമുണ്ട്. സ്വന്തം രാഷ്ട്രീയസിദ്ധാന്തങ്ങൾ പ്രയോഗവത്കരിക്കപ്പെടുകയും രചനാത്മക നിയമങ്ങൾ ബലത്തിൽ വരുത്തുകയും ചെയ്യാതെ ഇസ്‌ലാമിക സമൂഹത്തിന് പുഷ്ടിപ്രാപിക്കാനോ അഭിവൃദ്ധിപ്പെടാനോ തങ്ങളുടെ സാമൂഹിക സവിശേഷതകളും പ്രമാണങ്ങളും മൂല്യങ്ങളും ഉയർത്തിപ്പിടിക്കാനോ സാധ്യമല്ല. രാഷ്ട്ര സംവിധാനത്തിന്റെയും ഒരു യഥാർഥ മുസ്‌ലിം സമൂഹത്തിന്റെ രാഷ്ട്രീയാധിപത്യത്തിന്റെയും പ്രാധാന്യം പ്രവാചകൻ(സ) സ്പഷ്ടമായും അംഗീകരിക്കുകയുണ്ടായി. ഇക്കാരണത്താലാണ് പ്രവാചകനെന്ന നിലയിൽ തന്റെ കഴിവിൽപെട്ട വ്യക്തിപരമായ ആധിപത്യം അംഗീകരിക്കാൻ അദ്ദേഹം യസ്‌രിബുകാരോട് ആവശ്യപ്പെടുകയും അത് നേടിയെടുക്കുകയും ചെയ്തത്. രണ്ടാം അഖബ ഉടമ്പടിയുടെ വ്യവസ്ഥകളിലൊന്നിൽ ഇത് വ്യക്തമായിത്തന്നെ പരാമർശിക്കുകയുണ്ടായി. ഒരു ഉടമ്പടിയുടെ അടിസ്ഥാനത്തിൽ തങ്ങൾ സ്വന്തം നഗരത്തിലേക്ക് ക്ഷണിച്ചുവരുത്തുന്ന ഭരണാധിപത്യത്തെ എതിർക്കുകയില്ലെന്ന് യസ്‌രിബുകാർ പ്രതിജ്ഞയെടുക്കുകയും ചെയ്തു. അവർ ആ പ്രതിജ്ഞയെടുത്തത് സ്വാർഥതാൽപര്യങ്ങൾ മുൻനിർത്തിയായിരുന്നില്ല. രാഷ്ട്രീയാധിപത്യത്തിന് പിന്തുണ പ്രഖ്യാപിക്കുന്നതുകൊണ്ട് വല്ല പ്രതിഫലവും ലഭിക്കുമെന്ന പ്രതീക്ഷയിലുമായിരുന്നില്ല.

ഭൂപ്രദേശം, ആദർശപരമായ അസ്തിത്വം, രാഷ്ട്രീയാധികാരം-ഈ മൂന്നു ഘടകങ്ങളും ഒരു മുസ്‌ലിംസമൂഹത്തിന്റെ സംസ്ഥാപനത്തിനാവശ്യമായ ഉപാധികളാണ്. ഇവ സാക്ഷാത്കരിക്കപ്പെടാതെ ഒരു മുസ്‌ലിമിന് ശരിയായ രീതിയിലുള്ള വിജയവും സൗഖ്യവും പ്രതീക്ഷിക്കാനാവില്ല.

## മുസ്‌ലിമും അമുസ്‌ലിം സമൂഹവും

ഓരോ മുസ്‌ലിമിന്റെയും വ്യക്തിപരമായ യത്നവും കൂറും കൂടാതെ ഒരു മുസ്‌ലിം സമൂഹത്തിന്റെ സംസ്ഥാപനം അസാധ്യമാണ്. ചരിത്രപരമായ ഏതൊരു പരിവർത്തനത്തിലും മാനുഷികമൂല്യ

**ഹിജ്റയും അതിന് വഴിയൊരുക്കിയ അഖബ ഉടമ്പടിയും ജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും പ്രഥമ മുസ്‌ലിം നാഗരികത കെട്ടിപ്പടുക്കുകയും ചെയ്യുന്ന പ്രക്രിയയുടെ ക്രിയാത്മകവും ഫലപ്രദവുമായ തുടക്കത്തിന്റെ ശക്തമായ മുന്നോടിയായിരുന്നു. അജ്ഞരും ചിന്താശൂന്യരുമായ മക്കയിലെ വിഗ്രഹാരാധകർ ഏൽപിക്കുന്ന നിന്ദയെ സഹനത്തോടും ധൈര്യത്തോടും കൂടി നേരിടാനും തങ്ങളുടെ മർദകർക്ക് തിരിച്ചടി നൽകാതിരിക്കാനും ഉള്ള പ്രവാചക നിർദേശം പതിമൂന്നു വർഷമായി കേട്ടുപോന്ന മക്കാ മുസ്‌ലിംകളുടെ ജീവിതത്തിലെ ഒരു സുപ്രധാനമായ വഴിത്തിരിവായിരുന്നു അത്.**

ങ്ങൾ ഏറ്റവും ആവശ്യമായ ഘടകമായിരുന്നു. ഇപ്പോഴും അതെ. ഭാവിയിൽ ആയിരിക്കുകയും ചെയ്യും. അതിനാൽ മുസ്‌ലിമിന്റെ സ്വഭാവം ഇസ്‌ലാമിക ദർശനത്തോടുള്ള പ്രതിബദ്ധതയുടെയും കാര്യക്ഷമതയുടെയും ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. ശക്തവാനും ധിഷണാശാലിയുമായ ഒരു മുസ്‌ലിം വ്യക്തിയെ വാർത്തെടുക്കുക എന്നത് ഭാരിച്ച ഒരു ജോലിയാണ്. ചേതനയുള്ള ഒരു മുസ്‌ലിം വ്യക്തിയുടെ സ്വപ്നങ്ങളും മൂല്യങ്ങളും യാഥാർഥ്യവത്കരിക്കുക എന്നത് അതിലേറെ ഭാരിച്ചതാണ്. കാരണം മുസ്‌ലിം നാഗരികതയുടെ സംസ്ഥാപനത്തിന്റെ ഈ രണ്ടാംഘട്ടത്തിൽ മുസ്‌ലിംകൾക്ക് വിരുദ്ധശക്തികളെയും വിരുദ്ധ താൽപര്യങ്ങളെയും നേരിടേണ്ടതായി വരും. പക്ഷേ ആ രണ്ട് ബാധ്യതകളും പരസ്പരം കൂടിച്ചേരുന്നവയാണ്. സ്വന്തം ആന്തരാത്മാവിന്റെ പ്രേരണകളോടുള്ള സമരം, ഒരർഥത്തിൽ പ്രത്യക്ഷവും രണോത്സുകവുമായ ബാഹ്യശക്തികളോടുള്ള സമരത്തിലൂടെ തുടർന്ന് നടക്കുന്നതാണ്. ഉള്ളിലുള്ള വിശ്വാസം ഉയർത്തിപ്പിടിച്ചു കൊണ്ടിരിക്കെത്തന്നെ, പുറത്തുള്ള അന്യായമായ നിർബന്ധങ്ങളെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ ഒരു മുസ്‌ലിമിന്റെ സ്വഭാവം പരീക്ഷണത്തിന് വിധേയമാക്കപ്പെടുന്നു. മക്കയിലെ പീഡനത്തിന്റെ കാലം, ക്രിയാത്മകമായ മദീനാജീവിതത്തിന് തുല്യം, അത്തരം ഒരു പരീക്ഷണത്തിന് വിധേയമാക്കലായിരുന്നു.

വ്യക്തിയുടെ ബോധമണ്ഡലത്തിൽ ഒരു നവ ചൈതന്യം സംജാതമാക്കാൻ വിപ്ലവകരമായ ഒരു പ്രക്രിയ അനിവാര്യമാണ്. സുരക്ഷാബോധത്തോടും സമാധാനത്തോടും കൂടി ജീവിക്കാമെന്ന് പ്രതീക്ഷിക്കാവുന്ന ഒരു രാഷ്ട്രവും സമൂഹവും സൃഷ്ടിക്കുന്നതിൽ പരാജയപ്പെടുന്നപക്ഷം തന്റെ അന്തസ്സും സ്ഥാനവും മാത്രമല്ല സുരക്ഷിതത്വം പോലും അപകടത്തിലാവുമെന്ന് മനസ്സിലാക്കാൻ പോന്ന ഒരു ചൈതന്യമാണ് ഇവിടെ ഉദ്ദേശ്യം. ഒരു അമുസ്‌ലിം സമൂഹത്തിൽ, ഒരു മുസ്‌ലിമെന്ന നിലയിലുള്ള ആദർശവിശ്വാസങ്ങൾ പ്രഖ്യാപിച്ചുകൊണ്ട്, അതനുസരിച്ച് ജീവിക്കുമ്പോൾ ആ സമൂഹം തന്റെ അവകാശങ്ങളിൽ കൈയേറ്റം നടത്തുകയോ അവയെ പരിമിതപ്പെടുത്തുകയോ ഇല്ലെന്ന് മുസ്‌ലിം പ്രതീക്ഷിച്ചുകൂടാ.

ഒരു മുസ്‌ലിമെന്ന നിലയിൽ തന്നെക്കുറിച്ചുള്ള ഈ അവബോധം വ്യക്തിയെ സ്വന്തം അസ്തിത്വത്തെക്കുറിച്ച മിഥ്യാധാരണകളിൽനിന്നും ഒരമുസ്‌ലിം സമൂഹത്തിൽ താനൊരു പൂർണമുസ്‌ലിമായി അംഗീകരിക്കപ്പെടുമെന്ന വ്യർഥമോഹത്തിൽനിന്നും മുക്തനാക്കും. അമുസ്‌ലിംസമൂഹവുമായി ബന്ധപ്പെട്ട അത്തരം പ്രതീക്ഷകൾ- പൂർണ നീതിയോടും സമത്വഭാവനയോടും കൂടി തങ്ങൾ സ്വീകരിക്കപ്പെടുമെന്ന പ്രതീക്ഷകൾ- കേവലം മിഥ്യയാണെന്ന് വ്യക്തമാക്കപ്പെടേണ്ടത് പരമപ്രാധാന്യമർഹിക്കുന്ന ഒന്നത്രെ. ഒരു യഥാർഥ മുസ്‌ലിമിനെ, മുസ്‌ലിമെന്ന നിലയിലുള്ള സ്വന്തം അസ്തിത്വത്തെക്കുറിച്ച് പൂർണബോധ്യമുള്ള മുസ്‌ലിമിനെ ഇസ്‌ലാമിക സിദ്ധാന്തങ്ങൾ യാഥാർഥ്യവത്കരിക്കാൻ, ഒരു അമുസ്‌ലിം അനുവദിക്കുകയോ അതിനുള്ള അവകാശം അംഗീകരിച്ചു കൊടുക്കുകയോ ഇല്ല. അയാളുടെ മനോഭാവവും പെരുമാറ്റവും അമുസ്‌ലിം സമൂഹത്തിലെ സ്ഥിരം പൗരന്മാരുടെ വെറുപ്പും വിദ്വേഷവും ഉദ്ദീപിപ്പിക്കുന്ന തരത്തിലേ ആവൂ. അപ്പോൾ ആ സമൂഹത്തിൽനിന്ന് ശാന്തിയും അംഗീകാരവും ലഭ്യമാക്കാനുള്ള ഒരേയൊരു മാർഗം സ്വന്തം വിശ്വാസങ്ങളെ മേധാവിത്വം പുലർത്തുന്ന അമുസ്‌ലിം സമൂഹത്തിന്റേതുമായി അനുരഞ്ജിപ്പിക്കുകയോ കപടനാട്യക്കാരനാവുകയോ ആണ്. അതിലൂടെ അയാൾ വളർത്തിയെടുക്കുന്നതാകട്ടെ അപകർഷബോധവും.

ഈ ദുരന്തം ഒഴിവാക്കാനുള്ള ഏക ഉപായം ദിവ്യസന്ദേശത്തിന് ചെവികൊടുക്കാൻ വിസമ്മതിക്കുന്ന വന്ധ്യസംസ്കാരങ്ങളെയും സമുദായങ്ങളെയും വെല്ലുവിളിക്കുകയാണ്. ഇവിടെ ഒരു മുസ്‌ലിം മിഥ്യയായ സ്ഥല-കാലസങ്കൽപങ്ങൾ പരിത്യജിക്കേണ്ടിവരുമെന്നത് ഏറെ പ്രധാനമാണ്. വിപ്ലവകരമായ ഒരു പ്രക്രിയയുടെ ഭാഗമെന്ന നിലയിലയാൾ ഭൗതികമായ ചുറ്റുപാടുകളുടെ സ്ഥല-കാലികമായ അനുപേക്ഷണീയതകളിൽനിന്ന് മോചനം നേടിയേ പറ്റൂ. കൂടുതൽ സമ്പുഷ്ടവും സ്വീകാര്യവും ഉദാരവും വിശാലവുമായ നേട്ടങ്ങളാണയാൾ ലക്ഷ്യമാക്കേണ്ടത്. ഇത് മനസ്സിൽ കണ്ടുകൊണ്ടായിരിക്കണം മിക്ക മുസ്‌ലിം പണ്ഡിതരും അമുസ്‌ലിം സമൂഹങ്ങളെ ദാറുൽ ഇസ്‌ലാമിന് വിരുദ്ധമായ അർഥം കുറിക്കുന്ന ദാറുൽ ഹർബ് എന്ന് വിശേഷിപ്പിച്ചത്. ഇതേ കാരണം കൊണ്ടുതന്നെയാവണം ഹിജ്റ ചെയ്യാൻ വിസമ്മതിക്കുകയും തന്മൂലം ഹിജ്റയുടെ വിമോചനപരവും ആത്മത്യാഗപരവുമായ പ്രക്രിയയിലൂടെ മുസ്‌ലിം ഭരണകൂടത്തിന്റെ സംരക്ഷണം നേടുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിൽ പരാജയമടയുകയും ചെയ്ത ആളുകളുടെ സംരക്ഷണമോ സാമൂഹികബാധ്യതയോ ഏറ്റെടുക്കരുതെന്ന് ഖുർആൻ പ്രവാചകനോടാജ്ഞാപിച്ചതും.

നമ്മുടെ അഭിലാഷങ്ങൾ സാക്ഷാത്കരിക്കുകയും നീതിനിഷ്ഠമായ ഒരു സമൂഹത്തെക്കുറിച്ച നമ്മുടെ സ്വപ്നങ്ങൾ യാഥാർഥ്യമാക്കുകയും ചെയ്യുന്ന, ദിവ്യസന്ദേശത്താൽ നയിക്കപ്പെടുന്നതും ആധുനിക മനുഷ്യന് ഉൾക്കൊള്ളാവുന്നതും ആയ ഒരു മുസ്‌ലിം നാഗരികത പുനർനിർമിക്കാനുള്ള യത്നങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന നാം ഹിജ്റയുടെ രാഷ്ട്രീയവശങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. തികച്ചും പ്രതികൂലമായ സാഹചര്യങ്ങളിൽ എന്തൊക്കെ സാധ്യമാണ് എന്നതിന്റെ സചേതനമായ ചരിത്ര മാതൃകയാണത്. മുസ്‌ലിം വ്യക്തിക്കു മാത്രമല്ല, മുസ്‌ലിം രാഷ്ട്രത്തിന് തന്നെ എന്തൊക്കെ അഭിലഷണീയമാണ് എന്നതിന്റെ ജീവിക്കുന്ന പ്രതീകവും!

**വിവ: ശാമിൽ**